സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമല ഡെവലപ്പ്മെന്റ് പ്രോജക്ട്
പത്തനംതിട്ട 689645

ഫോൺ :- 0468 2220666 Email: eesabarimala.tdb@kerala.gov.in

നമ്പർ :- SDP/EE/S-16/2021 തീയതി: 10/12/2021

## ലേലപ്പരസ്യം

ശബരിമല സന്നിധാനത്ത് ശേഖരിച്ചിരിക്കുന്ന ആക്രി (ഇരുമ്പ്) സാധനങ്ങളുടെ പരസ്യമായ ലേലം 17/12/2021 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ്. ലേലം ചെയ്യുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| No | Details | Quantity |
|---|---|---|
| 1 | Damaged GI and iron material (scrap) | 8000 Kg |

### ലേല/ടെൻഡർ വ്യവസ്ഥകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് തിരിച്ചറിയൽ രേഖയോടൊപ്പം അന്നേ ദിവസം 11 മണിക്ക് മുൻപായി നിശ്ചിത നിരതദ്രവ്യമായ 9,000/- രൂപ (ഒൻപതിനായിരം) കെട്ടിവെച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
2. ബോർഡ് അംഗീകരിച്ച മതിപ്പു വിലയായ 1,76,000/- രൂപയിൽ ലേലം ആരംഭിക്കുന്നതാണ്. മേൽ തുകയിൽ താഴെ ക്വാട്ട് ചെയ്യുന്ന ലേലം/ടെൻഡർ പരിഗണിക്കുന്നതല്ല.
3. ടെൻഡർ നൽകാൻ ആഗ്രഹിക്കുന്നവർ പ്രസ്തുത ടെൻഡർ സീൽ ചെയ്ത കവറിൽ നേരിട്ടോ തപാൽ മുഖേനയോ **"എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശബരിമല ഡെവലപ്പ്മെന്റ് പ്രോജക്ട്, പത്തനംതിട്ട 689645"** എന്ന വിലാസത്തിൽ 16/12/2021 തീയതി വൈകിട്ട് 4.00 മണിക്ക് മുൻപ് കിട്ടത്തക്ക വിധം അയക്കേണ്ടതാണ്.
4. ടെൻഡറിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ ധനലക്ഷ്മി ബാങ്കിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ശബരിമല ഡെവലപ്പ്മെന്റ് പ്രോജക്ട്,

പത്തനംതിട്ട എന്ന പേരിലെടുത്ത നിരതദ്രവ്യത്തിനുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്.

5. കവറിന് മുകളിൽ **"ശബരിമല സന്നിധാനത്ത് ശേഖരിച്ചിരിക്കുന്ന ഉപയോഗശൂന്യ മായ ഇരുമ്പു സാധനങ്ങളുടെ ലേലത്തിനുള്ള ടെൻഡർ"** എന്ന് വ്യക്തമായി രേഖ പ്പെടുത്തേണ്ടതാണ്.
6. ടെൻഡർ നൽകിയിട്ടുള്ളവർ ലേല സ്ഥലത്ത് നിർദ്ദിഷ്ട സമയത്തുതന്നെ ഹാജരായി രിക്കേണ്ടതാണ്.
7. പ്രസ്തുത ലേലം കഴിഞ്ഞാലുടൻ തന്നെ സമർപ്പിക്കപ്പെട്ടിരിക്കുന്ന ടെൻഡറുകൾ തുറന്നു പരിശോധിക്കുന്നതും ലേലത്തിലോ ടെൻഡറിലോ കൂടുതൽ തുക കാണി ക്കുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതും ടിയാൻ ക്വാട്ട് ചെയ്ത തുകയുടെ 50% ലേലത്തുകയും (നിരതദ്രവ്യം കഴിച്ച്) ലേലസ്ഥലത്തു തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്.
8. ലേലം/ ടെൻഡർ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടുന്ന മുറക്ക് ബാക്കി തുകയോടൊപ്പം 18% ജി.എസ്.ടി കൂടി ഒടുക്കി 10 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിലും ഉത്തരവാ ദിത്തത്തിലും സാധന സാമഗ്രികൾ സൈറ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.
9. ഏതെങ്കിലും കാരണവശാൽ ലേലം/ ടെൻഡർ ലഭിക്കുന്നയാൾ ലേല നിബന്ധന കൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടയ്ക്കുന്ന തുക ദേവസ്വം ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതും സാധന സാമഗ്രികൾ പുനർലേലം ചെയ്യുന്നതുമായിരിക്കും.
10. ലേലം ഉറപ്പിക്കുന്നത് സംബന്ധിച്ചുള്ള പൂർണ്ണ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.
11. ലേലം/ ടെൻഡർ സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.
12. നിലവിൽ അനുവദിച്ചിട്ടുള്ള എല്ലാ ലേലവ്യവസ്ഥകളും ഇതിനും ബാധകമാണ്.
13. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, ശബരിമല (സെക്ഷൻ II) അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**

**ശബരിമല ഡെവലപ്മെന്റ് പ്രോജക്ട്**